## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ **194** **17.06.2014** ൽ മറുപടിയ്ക്ക്

### പാറ ഖനനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**" കെ. അജിത്**<br>**" ഇ. കെ. വിജയൻ**<br>**" ചിറ്റയം ഗോപകുമാർ** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | പാറമടകളിൽ ഖനനത്തിന്റെ പരമാവധി ആഴം നിശ്ചയിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര അടിയായിട്ടാണ് പരിധി നിജപ്പെടുത്തിയിരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ക്വാറിയിംഗ് പെർമിറ്റിന്റെ അടിസ്ഥാനത്തിൽ ഭൂനിരപ്പിൽ നിന്നും 20 അടി (6 മീറ്റർ) വരെ ആഴത്തിൽ ഖനനം ചെയ്യാവുന്നതാണ്. എന്നാൽ 24.3.2014 ലെ ജി.ഒ(പി)നം.43/14/ഐഡി പ്രകാരം മേൽ വ്യവസ്ഥയിൽ നിന്നും കരിങ്കല്ല്, ചെങ്കല്ല് എന്നിവയുടെ ഖനനം ഒഴിവാക്കിയിട്ടുണ്ട്. കരിങ്കല്ല്, ചെങ്കല്ല് എന്നിവ ഖനനം ചെയ്യുന്ന ക്വാറികളുടെ ആഴം 6 മീറ്റർ അധികരിച്ചാൽ 1952 ലെ മൈൻസ് ആക്ടിന് വിധേയമായി മാത്രമേ തുടർ ഖനനം നടത്താൻ സാധിക്കുകയുള്ളൂ. |
| (ബി) | പാറഖനനത്തിന് ആഴ പരിധി ബാധകമല്ലാതാക്കിയിട്ടുണ്ടോ; | (ബി) | 24.3.2014ലെ ജി.ഒ(പി) നം.43/14/ഐഡി പ്രകാരം കരിങ്കല്ല്/ചെങ്കല്ല് എന്നിവയുടെ ഖനനത്തിന് ആഴപരിധി ബാധകമല്ലാതാക്കിയിട്ടുണ്ട്. അതുപ്രകാരം കരിങ്കല്ല്, ചെങ്കല്ല് എന്നിവ ഖനനം ചെയ്യുന്ന ക്വാറികളിൽ ആഴം 6 മീറ്റർ അധികരിച്ചാൽ 1952ലെ മൈൻസ് ആക്ടിന് വിധേയമായി മാത്രമേ തുടർഖനനം നടത്താവു എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |
| (സി) | ആഴ പരിധി ഒഴിവാക്കിയതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ, ഇല്ലെങ്കിൽ ഇക്കാര്യത്തെക്കുറിച്ച് ഒരു പഠനം നടത്തുന്നതിന് തയ്യാറാകുമോ? | (സി) | പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ